ISSUE: 140
www.keralacartoonacademy.com
KCA weekly E-news bulletin ● Dated 17-08-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

ഓണാശംസകൾ

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat



## അമൽ പിരപ്പൻകോടിന്റെ തിരക്കഥ

**കേരള** കാർട്ടൂൺ അക്കാദമി അംഗം അമൽ പിരപ്പൻകോട് തിരക്കഥാകൃത്താകുന്നു. അറുമുഖ വേല എന്നതാണ് സിനിമയുടെ പേര്. ജിനേഷ് ബാബു കെയാണ് കഥയും സംവിധാനവും നിർവ്വഹിക്കുന്നത്. സിനിമയുടെ ടൈറ്റിൽ റിലീസ് നടന്നു. അമലിന്റെ പ്രഥമ സിനിമാ സംരംഭമാണ്. അമൽ പിരപ്പൻകോടിന് കേരള കാർട്ടൂൺ അക്കാദമിയുടെ ആശംസകൾ. ●

## കാർട്ടൂണിസ്റ്റ് സൈൻ വിൽക്കിൻസന്റെ കാർട്ടൂണുകൾ




**പുലിറ്റ്സർ** സമ്മാന ജേതാവായ കാർട്ടൂണിസ്റ്റ് സൈൻ വിൽക്കിൻസൺ, എഡിറ്റോറിയൽ കാർട്ടൂണുകളുടെയും ഒറിജിനലുകളുടെയും ഒരു പ്രധാന ശേഖരം ആനെൻബർഗ് ലൈബ്രറി ആർക്കൈവിന് സംഭാവന ചെയ്യുമെന്ന് പ്രഖ്യാപിച്ചു. അമേരിക്കയിലെ ഏറ്റവും സ്വാധീനമുള്ള എഡിറ്റോറിയൽ കാർട്ടൂണിസ്റ്റുകളിൽ ഒരാളായി വ്യാപകമായി അംഗീകരിക്കപ്പെട്ട ശ്രീമതി വിൽക്കിൻസൺ, ഫിലാഡൽഫിയ ഇൻക്വയററിന്റെയും ഫിലാഡൽഫിയ ഡെയ്‌ലി ന്യൂസിന്റെയും എഡിറ്റോറിയൽ കാർട്ടൂണിസ്റ്റായിരുന്നു. ●

# കാർട്ടൂണിസ്റ്റ് അഷ്റഫ് ഒമറിനെ മോചിപ്പിക്കണം



**രണ്ട്** വർഷമായി അന്യായമായി തടങ്കലിൽ കഴിയുന്ന ഈജിപ്ഷ്യൻ എഡിറ്റോറിയൽ കാർട്ടൂണിസ്റ്റ് അഷ്റഫ് ഒമറിനെ ഉടൻ മോചിപ്പിക്കണമെന്ന് കമ്മറ്റി റ്റു പ്രൊട്ടക്റ്റ് ജേർണലിസ്റ്റ് ആവശ്യപ്പെട്ടു. സ്വതന്ത്ര മാധ്യമ സ്ഥാപനമായ 'അൽ മനസ്സ'യുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ഈജിപ്ഷ്യൻ രാഷ്ട്രീയ കാർട്ടൂണിസ്റ്റ് അഷ്റഫ് ഒമറിന്റെ നിയമവിരുദ്ധമായ വിചാരണാപൂർവ്വ തടങ്കലിന് 2026 ജൂലൈ 22ഓടെ രണ്ട് വർഷം പൂർത്തിയാകുന്നു. ●



## പുസ്തക പരിചയം

# 'ജ്വലന്ത രേഖ'

പ്രഭാകർ പരശുരാം വൈദ്യകർ

**പ്രഭാകർ** പരശുരാം വൈദ്യകർ എന്ന കാർട്ടൂണിസ്റ്റ് പരാക്കർ മഹാരാഷ്ട്രയിലെ മുതിർന്ന കാർട്ടൂണിസ്റ്റാണ്. അദ്ദേഹം കാർട്ടൂണിസ്റ്റുകൂടിയായ 'ബാലാസാഹേബ് താക്കറെ' എന്ന ബാൽതാക്കറെയുടെ ജന്മശതാബ്ദി വർഷം ഡിംപൽ പബ്ലിക്കേഷന് വേണ്ടി അദ്ദേഹത്തിന്റെ കാർട്ടൂണുകൾ സമാഹരിച്ച് 'ജ്വലന്ത രേഖ' എന്ന പേരിൽ പുസ്തകമാക്കിയിരിക്കുന്നു. മുൻപ് 'ഫട്കാരേ'യും 'ഫോട്ടോബാജി'യും എന്ന പേരിൽ ബാൽതാക്കറെയുടെ പ്രസിദ്ധമായ കാർട്ടൂണുകളുടെ സമാഹാര പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലില്ലാത്ത കാർട്ടൂണുകളാണ് ഈ സമാഹാരത്തിൽ ഭൂരിപക്ഷമുള്ളത്. സ്വാതന്ത്ര്യത്തിനു മുമ്പ് ബാൽതാക്കറെ വരച്ച കാർട്ടൂണുകൾ ഇംഗ്ലീഷ് മാധ്യമങ്ങളിലൂടെ ആഗോള രാഷ്ട്രീയത്തെ വിമർശിക്കുന്നവയായിരുന്നു (ഏകദേശം 1944 മുതൽ). സ്വാതന്ത്ര്യാനന്തര കാലത്ത് അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിലെ രാഷ്ട്രീയ സാഹചര്യങ്ങളെയും സാമൂഹിക ഇടപെടലുകളെയും യാതൊരു മടിയുമില്ലാതെ തന്റെ തൂലികകൊണ്ട് താക്കറെ വെട്ടിത്തെളിച്ചു. അതിന്റെ പ്രതിഫലനം ഈ പുസ്തകത്തിൽ നമുക്ക് കാണാം. ബേൾഗാവ്കർവാർ, മഹാരാഷ്ട്ര അതിർത്തി പ്രശ്നം, മറാത്തി ഭാഷയ്ക്കെതിരായ അതിക്രമങ്ങൾ, സംയുക്ത മഹാരാഷ്ട്ര പ്രസ്ഥാനം, തൊഴിലില്ലായ്മ, അഴിമതി തുടങ്ങിയ വിഷയങ്ങളിലെ ഭേദകമായ പരാമർശങ്ങൾ, മാർമികമായ ഭാഷ്യം, കാപട്യം, കപടവേഷം എന്നിവയെ തന്റെ സൂക്ഷ്മമായ നിരീക്ഷണത്തിലൂടെ ബാൽതാക്കറയുടെ കാർട്ടൂണുകളിലൂടെ ഈ പുസ്തകം വായിക്കുമ്പോൾ നമുക്ക് ലഭിക്കും. സംയുക്ത മഹാരാഷ്ട്ര പ്രസ്ഥാനത്തിന്റെ കാലത്ത് താക്കറെ നവശക്തിയിൽ കാർട്ടൂണിസ്റ്റായി ജോലി ചെയ്തിരുന്നു. ആ സമരത്തിൽ തന്റെ ജോലി നഷ്ടപ്പെടുമെന്ന സാഹചര്യം ഉണ്ടായപ്പോൾ, സ്വന്തം 'താക്കറെ' എന്ന ഒപ്പ് ഉപയോഗിക്കാതെ 'മാവളാ' എന്ന പേരിൽ ഒപ്പിട്ട്, തുടർച്ചയായി ഏഴ് ദിവസവും നിയതകാലികത്തിൽ ആ സമരത്തെ പ്രതിനിധീകരിക്കുന്ന കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചു. നവശക്തിയിൽ ജോലി ചെയ്യുമ്പോൾ ഇംഗ്ലണ്ടിൽ പ്രസിദ്ധനായിരുന്ന ഇംഗ്ലീഷ് കാർട്ടൂണിസ്റ്റ് ഡേവിഡ് ലോയ്ക്കെതിരെ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നടത്തിയിരുന്ന പരാമർശത്തെ അടിസ്ഥാനമാക്കി വരച്ച കാർട്ടൂണുകൾ പുസ്തകത്തിലുണ്ട്. രണ്ടാം മഹായുദ്ധകാലത്ത് ഹിറ്റ്ലറുടെ ക്രൂരമായ ആക്രമണത്തെ തുടർന്ന് നശിച്ച ലണ്ടനെക്കുറിച്ച് ചിന്തിച്ച അദ്ദേഹം, പ്രശസ്തരുടെ ചിത്രങ്ങൾക്ക് കോട്ടകെട്ടി ഹിറ്റ്ലർക്കെതിരെ നിലകൊള്ളാൻ പ്രചോദനം നൽകുന്ന കാർട്ടൂണുകൾ വരയ്ക്കണമെന്ന് തീരുമാനിച്ചു. ആ പ്രചോദനത്തിൽ നിന്ന് പിന്നീട് മറാത്തി മനുഷ്യന്റെ അവകാശങ്ങൾക്കായി നടത്തിയ പോരാട്ടം, ലഭിച്ച മർദനം, അപമാനം എന്നിവ മറാത്തി ജനതയുടെ മനസ്സിൽ പതിഞ്ഞ ജ്വലിക്കുന്ന രേഖകളായി മാറി. പടക്കത്തിന്റെ തീപ്പൊരി പോലെ പൊട്ടിത്തെറിക്കുന്ന ഈ കാർട്ടൂണുകളിൽ പോരാളികളുടെ വികാരങ്ങൾ പകർത്തിയിട്ടുണ്ട്. ആ വികാരങ്ങളിൽ നിന്ന് 'മാർമിക്' എങ്ങനെ രൂപം കൊണ്ടുവെന്ന് ഈ പുസ്തകത്തിലെ കാർട്ടൂണുകളും ലേഖനങ്ങളും നമ്മെ ബോധ്യപ്പെടുത്തും. ●



## ലൈവ് വര തൃപ്പൂണിത്തുറ

തൃപ്പൂണിത്തുറയിൽ അത്തച്ചമയത്തോടനുബന്ധിച്ച് ഓഗസ്റ്റ് 16ന് തൃപ്പൂണിത്തുറ നഗരസഭയുടെ സഹായത്തോടെ ലായം കൂത്തമ്പലത്തിൽ വെച്ച് ലൈവ് ക്യാരിക്കേച്ചർ ഷോ നടന്നു. കേരള കാർട്ടൂൺ അക്കദമി അംഗങ്ങളായ ടി ജി ജയരാജ്, രാജൻ ആറന്മുള, അഞ്ജൻ സതീഷ് എന്നിവർ പങ്കെടുത്ത ഈ പരിപാടി ഏകോപിപ്പിച്ചത് സജ്ജീവ് ബാലകൃഷ്ണനാണ്.




Members please try to send news to this latest bulletin by 1pm every Sunday. We may not be able to carry late news, unless it carries urgency.
Edited by KCA Chairman Sudheer Nath. Layout by Sunil Pankaj.